ഇതിന്റെ ഓപ്പറേഷൻ ചുമതല ഇന്റലിജൻസ് എ.ഡി.ജി.പി.ക്കാണ്. ഈ വിഭാഗത്തിന് ഒരു പോലീസ് സൂപ്രണ്ട്, രണ്ട് ഡി. വൈ. എസ്. പി. രണ്ട് സർക്കിൾ ഇൻസ്പെക്ടർ, രണ്ട് സബ് ഇൻസ്പെക്ടർ, രണ്ട് ഹെഡ് കോൺസ്റ്റബിൾ എന്നിവർ ഉണ്ടായിരിക്കും. ഈ ടീമിന്റെ മൊത്തത്തിലുള്ള നിയന്ത്രണം ഡി.ജി.പി. യിൽ നിക്ഷിപ്തമാണ്.

(സി) സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന ഏതു കാര്യവും ഈ വിഭാഗത്തിന്റെ അന്വേഷണ പരിധിയിൽപ്പെടുന്നതാണ്.

(ഡി) സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന കേസുകൾ അന്വേഷിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ ചുമതല.

സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്ന മത തീവ്രവാദ സംഘടനകൾ

4 (5910) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത തീവ്രവാദ സംഘടനകൾ സംസ്ഥാനത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവോയിസ്റ്റുകളും കേരളത്തെ ഒളിത്താവളമാക്കാൻ ശ്രമിക്കുന്നതായി എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) മാവോയിസ്റ്റുകൾക്ക് ഏതെങ്കിലും മതതീവ്രവാദ സംഘടനകൾ സഹായം നൽകുന്നതായി സംശയം ഉയർന്നിട്ടുണ്ടോ ;

(ഡി) ഇതേക്കുറിച്ച് വിശദമായി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ജൂൺ-ജൂലൈ മാസങ്ങളിൽ കേരളത്തിൽ പോലീസ് നടത്തിയ റെയ്ഡ്

5 (5911) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി ജൂൺ-ജൂലൈ മാസങ്ങളിൽ കേരളത്തിൽ ഏതെല്ലാം സംഘടനകളുടെ ഏതെല്ലാം ഓഫീസുകളിൽ പോലീസ് റെയ്ഡ് നടത്തി എന്നും ഇവിടെ നിന്ന് പിടിച്ചെടുത്ത സാധനങ്ങളുടെ വിവരവും വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുമോ ;

(സി) ഏതെല്ലാം സംഘടനകൾ കേരളത്തിൽ നിരീക്ഷണത്തിലുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂവാറ്റുപുഴയിൽ കോളേജ് അധ്യാപകന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തോടനുബന്ധിച്ച്, ടി സംഭവത്തിൽ പി.എഫ്.ഐ./എസ്.ഡി.പി.ഐ. എന്നീ സംഘടനകളിൽ പ്രവർത്തിക്കുന്ന ചിലർക്ക് പങ്കുണ്ടെന്ന് അന്വേഷണത്തിൽ വെളിവായ സാഹചര്യത്തിൽ പ്രസ്തുത സംഘടനയിൽ പ്രവർത്തിക്കുന്ന ചില പ്രവർത്തകരുടെ വസതികളിലും, ആഫീസുകളിലും പോലീസ് റെയ്ഡ് നടത്തിയിട്ടുണ്ട്. ഈ റെയ്ഡിൽ പ്രസ്തുത സംഘടനയുടെ ലഘുലേഖകൾ, സി.ഡികൾ എന്നിവയും ചില സ്ഥലങ്ങളിൽ നിന്ന് നാടൻ ബോംബുകളും വടിവാൾ, മഴു തുടങ്ങിയ ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ആയുധങ്ങളും മറ്റും കണ്ടെടുത്ത സംഭവങ്ങളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) രഹസ്യ സ്വഭാവമുള്ള വിവരമാകയാൽ വെളിവാക്കുവാൻ നിർവ്വാഹമില്ല.

താലിബാൻ കോടതികൾ നിരോധിക്കാൻ നടപടി

6 (5912) ശ്രീ. കെ. മുഹമ്മദുണ്ണിഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ താലിബാൻ കോടതികൾ പ്രവർത്തിക്കുന്നതായ വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധമായി 16-7-2010-ന് ഒരു പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോടതികൾ പ്രവർത്തിക്കുന്നുവെങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പ്രവർത്തിക്കുന്നില്ലെങ്കിൽ സംഭ്രമജനകവും വർഗ്ഗീയ ധ്രുവീകരണം ഉണ്ടാകുന്നതുമായ വാർത്തകളുടെ നിജസ്ഥിതിയും, ഉറവിടവും കണ്ടെത്തി പ്രതിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധമായി 16-7-2010-ന് മംഗളം ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

തീവ്രവാദത്തിന്റെ പേരിൽ ഒരു സമുദായത്തെ മാത്രം വേട്ടയാടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി

7 (5913) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിൽ ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച പറ്റിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly